കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പാലാ നഗരസഭ - വ്യവസായ എസ്റ്റേറ്റിനുവേണ്ടി ഏറ്റെടുത്ത സ്ഥലം പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2257/2013/തസ്വഭവ    തീയതി, തിരുവനന്തപുരം 5-9-2013

---

പരാമർശം: 1) പാലാ നഗരസഭയുടെ 12/7/2013 ലെ ആറാം നമ്പർ തീരുമാനം

2) പാലാ നഗരസഭാ ചെയർമാന്റെ 16/7/2013 ലെ കത്ത്

3) 21/8/2013 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം 3.10 നമ്പർ തീരുമാനം .

## ഉത്തരവ്

പാലാ നഗരസഭ 17-ാം വാർഡിലെ 12-ാം മൈലിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത രണ്ടര ഏക്കർ സ്ഥലത്ത് അതിനുവേണ്ടിയുള്ള നിർമ്മാണപ്രവർത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. നിലവിൽ ടി സ്ഥലത്തിന് ചുറ്റും ജനവാസകേന്ദ്രമായി മാറിയ സാഹചര്യത്തിൽ അവിടെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് പൊതുജനങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കുമെന്ന് നഗരസഭ കരുതുന്നു. ഇക്കാരണത്താൽ പ്രസ്തുത സ്ഥലം പൊതുജനങ്ങളുടെ മാനസികോല്ലാസത്തിന് ഉതകുന്ന ഒരു പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം നഗരസഭാ ചെയർമാൻ അനുമതിക്കായി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭയുടെ ആവശ്യം പരാമർശം (3) പ്രകാരം സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത രണ്ടര ഏക്കർ സ്ഥലം പൊതുജനങ്ങളുടെ മാനസികോല്ലാസത്തിന് ഉതകുന്ന ഒരു പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിന് പാലാ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഷൈനി ജോർജ്ജ്

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം

സെക്രട്ടറി/ചെയർമാൻ , പാലാ നഗരസഭ,പാലാ 686575

ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

തദ്ദേശസ്വയംഭരണ(ഡി.എ,ഡി.സി)വകുപ്പുകൾ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.